പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 942 **14-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കാട് മാട്ടുമലയിൽ വാട്ടർ ടാങ്ക് നിർമാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പുതുക്കാട് നിയോജക മണ്ഡലത്തിലെ മറ്റത്തൂർ, വരന്തരപ്പിള്ളി, അളഗപ്പനഗർ എന്നീ പഞ്ചായത്തുകൾക്കും ചാലക്കുടി നിയോജക മണ്ഡലത്തിലെ കൊടകര പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ജൽ ജീവൻ മിഷൻ സെക്കന്റ് ഫേസിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിനെ തുടർന്ന് മേൽ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിക്ക് ആവശ്യമായ 25 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയും വരന്തരപ്പിള്ളി പഞ്ചായത്തിലേക്കുള്ള 18 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കാനായി മാട്ടുമലയിൽ 1.5 ഏക്കർ ഭൂമിക്ക് ബഹു.കോടതിയുടെ സ്റ്റേ ഓർഡർ നിലനിൽക്കുന്നതിനാൽ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മാട്ടുമലയിലെ ഭൂമിക്കു സമീപം പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തിയിരുന്നെങ്കിലും ആയത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലായതിനാൽ ജൽ ജീവൻ മിഷൻ പദ്ധതി മാർഗരേഖ അനുസരിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾ സംയുക്തമായി ഭൂമി ഏറ്റെടുത്ത് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തടസ്സങ്ങൾ എന്താണെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപായി തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ